പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2052 17.03.2015-ൽ മറുപടിക്ക്

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്

ചോദ്യം

ശ്രീ. എ.കെ. ശശീന്ദ്രൻ :

ഉത്തരം

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിയ്ക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; | (എ) | രണ്ട് മാസത്തിനുള്ളിൽ ഉദ്ഘാടനം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഉദ്ഘാടനം ചെയ്യാത്ത ബസ്സ് സ്റ്റാന്റിൽ രണ്ടു മാസം മുൻപേ ഡീസൽ സ്റ്റോക്ക് ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇങ്ങനെ സ്റ്റോക്ക് ചെയ്യപ്പെട്ട ഇന്ധനത്തിന്റെ സംരക്ഷണത്തിനായി കാവൽക്കാരെ നിയമിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഈ ഇനത്തിൽ എത്ര തുക ചെലവായെന്ന് വെളിപ്പെടുത്താമോ; | (ഡി) | 1,77,270/- രൂപ (ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഇരുനൂറ്റി എഴുപത് രൂപ മാത്രം) ചെലവായിട്ടുണ്ട്. |
| (ഇ) | ഉദ്ഘാടനം ചെയ്യപ്പെടാത്ത ബസ്സ് സ്റ്റാന്റിൽ മുൻകൂട്ടി ഇന്ധനം സ്റ്റോക്ക് ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ; | (ഇ) | കെ.എസ്.ആർ.ടി.സിയുടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡീസൽ അണ്ടർ ഗ്രൗണ്ട് ടാങ്കും പമ്പും M/s. Indian Oil Corporation കെ.എസ്.ആർ.ടി.സിയുടെ ആവശ്യപ്രകാരം സ്വന്തം നിലയിൽ പണം മുടക്കി മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ സമുച്ചയ നിർമ്മാണ ഘട്ടത്തിൽ കെ.എസ്.ആർ.ടി.സിയുടെ പമ്പിൽ നിന്നും |

| | | |
|---|---|---|
| | | ഡീസൽ നിറച്ച് ബസുകൾ ബസ് സ്റ്റേഷനിൽ പ്രവേശനം സാദ്ധ്യമാകാത്ത സ്ഥിതി വിശേഷം സംജാതമാകുകയും ആയത് പരി ഹരിക്കുന്നതിന് വേണ്ടി കെ.എസ്.ആർ.ടി.സി. യുടെ ആവശ്യപ്രകാരം വീണ്ടും U.G tank-ന് മുകളിലൂടെ ബസുകൾ ഓടുന്ന വിധത്തിൽ ബലപ്പെടുത്തി പമ്പ് സ്ഥാപിച്ചു തരികയു ണ്ടായി. എന്നാൽ വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനു വേണ്ടി 2/2010 മുതൽ സപ്ലൈകോയുടെ റീടെയിൽ ഔട്ട്ലെറ്റിൽ നിന്നും ഡീസൽ നിറച്ചു വരികയായിരുന്നു. എന്നാൽ IOC നിലവിലുണ്ടായിരുന്ന സ്ഥലത്തു നിന്നും പമ്പ് മാറ്റി സ്ഥാപിച്ചതിനെ തുടർന്ന് സമുച്ചയ നിർമ്മാണം നടക്കുമ്പോൾ തന്നെ വീണ്ടും കോഴിക്കോട് ഡിപ്പോയി ലുള്ള പമ്പിൽ നിന്നുമാണ് ഡീസൽ നിറച്ചിരുന്നത്. തുടർന്ന് 08/2011 - മുതൽ ടി പമ്പിന്റെ സ്ഥലവും നിർമ്മാണ പ്രവർത്തി കൾക്കായി വിട്ടുകൊടു ക്കേണ്ടി വന്നതിനാൽ ഡീസൽ നിറയ്ക്കുന്നതിന് വീണ്ടും സപ്ലൈകോയുടെ റീടെയിൽ ഔട്ട്ലെറ്റുകളെ ആശ്രയിച്ചു വരികയായിരുന്നു. എന്നാൽ IOC മേൽപ്പറഞ്ഞ പ്രകാരം ഡീസൽ പമ്പ് പുനഃസ്ഥാപിക്കുകയും ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാകാത്തതിനാൽ IOC യുടെ ചെലവിൽ ജനറേറ്റർ സ്ഥാപിച്ചു തരികയും ചെയ്തു. തുടർന്ന് ലീഗൽ മെട്രോളജി വകുപ്പിന്റെ നിയമപരമായുള്ള മുദ്രണം നടത്തുന്നതിനായി ഡീസൽ നിറയ്ക്കുകയാ ണുണ്ടായത്. തുടർന്ന് ബസുകൾക്ക് കെ.എസ്.ആർ.ടി.സി ഡിപ്പോയിലുള്ള പമ്പിൽ നിന്നും ഡീസൽ നിറയ്ക്കുന്നതി നുള്ള തീരുമാനമെടുത്തിരുന്നെങ്കിലും തത്സമയവും പ്രവേശന കവാടത്തിൽ കെ.റ്റി. ഡി.എഫ്.സി ഓട നിർമ്മിക്കുകയും തന്മൂലം ബസുകൾക്ക് പ്രവേശിക്കാനാകാത്ത സ്ഥിതി |

| | | | |
|---|---|---|---|
| | | | ഉണ്ടായതിനെ തുടർന്നാണ് U.G tank-ൽ നിറച്ച ഡീസൽ ബസുകളിലേക്ക് വിതരണം ചെയ്യാൻ സാധിക്കാതെ വന്നത്. പ്രസ്തുത ഓട നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതിനാൽ താമസിയാതെ തന്നെ ബസുകൾക്ക് ഇവിടെ നിന്നും ഡീസൽ വിതരണം ആരംഭിക്കുന്നതാണ്. |
| (എഫ്) | കെ.എസ്.ആർ.ടി.സി.യ്ക്ക് അനാവശ്യ ചെലവുകൾ ഉണ്ടാക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (എഫ്) | കെ.എസ്.ആർ.ടി.സി.യ്ക്ക് അനാവശ്യ ചെലവുകൾ ബോധപൂർവ്വം ഉണ്ടാക്കി എന്ന് ബോദ്ധ്യപ്പെട്ടാൽ ചെലവായ തുക കുറ്റക്കാരിൽ നിന്നും ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ